

# രക്ഷകനെ കാത്തിരുന്ന ജനം

5

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.

പാഠം 4

# ഇസ്രായേൽജനത ഈജിപ്തിൽ



# ഇസ്രായേൽജനത ഈജിപ്തിൽ



യാക്കോബിന് 12 പുത്രൻമാർ.

മക്കളിൽ ജോസഫിനോടാണ് ഏറ്റവും പ്രിയം.

ജോസഫിനെ സഹോദരൻമാർ വെറുത്തു.

## ജോസഫിന്റെ സ്വപ്നം

ജോസഫ് സഹോദരൻമാരോട് പറഞ്ഞു: എനിക്കുായ സ്വപ്നം കേൾക്കുക; നമ്മൾ പാടത്തു കറ്റകെട്ടിക്കൊിരിക്കുകയായിരുന്നു. അപ്പോഴിതാ എന്റെ കറ്റ എഴുന്നേറ്റുനിന്നു. നിങ്ങളുടെ കറ്റകളെല്ലാം എഴുന്നേറ്റ് എന്റെ കറ്റയെ താണുവണങ്ങി. അവർ ചോദിച്ചു; നീ ഞങ്ങളെ ഭരിക്കുമെന്നാണോ?

## രാം സ്വപ്നം:

സൂര്യനും ചന്ദ്രനും, പതിനൊന്നു നക്ഷത്രങ്ങളും ജോസഫിനെ താണുവണങ്ങി.



# ജോസഫ് ഈജിപ്തിൽ

ജോസഫിനോടുള്ള വിദ്വേഷം നിമിത്തം സഹോദരൻമാർ അവനെ കൊല്ലാൻ ആലോചിച്ചു.

അവർ ജോസഫിനെ കച്ചവടക്കാർക്കു വിറ്റിട്ട്, അവനെ വന്യമൃഗങ്ങൾ പിടിച്ചുവെന്ന് പിതാവിനെ ധരിപ്പിച്ചു.

കച്ചവടക്കാർ ജോസഫിനെ ഈജിപ്തിൽ പൊത്തിഫറിനു വിറ്റു. ഫറവോയുടെ സേനാനായകനായ പൊത്തിഫർ ജോസഫിനെ കാര്യസ്ഥനായി നിയമിച്ചു. പൊത്തിഫറിന്റെ ഭാര്യ തന്നോടൊപ്പം പാപം ചെയ്യുവാൻ ജോസഫിനെ നിർബന്ധിച്ചു. ജോസഫ് വഴങ്ങാതെ വന്നപ്പോൾ അവൾ അപവാദം പറഞ്ഞുപരത്തി ജോസഫിനെ ജയിലിലടപ്പിച്ചു.

# സ്വപ്നം വ്യാഖ്യാനിക്കുന്നു

രണ്ടുവർഷം കഴിഞ്ഞപ്പോൾ ഫറവോ ഒരു സ്വപ്നം കണ്ടു. അവൻ നൈൽ നദീതീരത്തു നിൽക്കുകയായിരുന്നു. കൊഴുത്ത് അഴകുള്ള ഏഴു പശുക്കൾ നദിയിൽനിന്നു കയറിവന്നു. അവ പുൽത്തകിടിയിൽ മേഞ്ഞുകൊണ്ടുനിന്നു. അതിനുശേഷം മെലിഞ്ഞു വിരൂപമായ വേറെ ഏഴു പശുക്കൾ നൈലിൽനിന്നു കയറി, നദീതീരത്തു നിന്നിരുന്ന മറ്റു പശുക്കളുടെ അടുത്തു വന്നുനിന്നു. മെലിഞ്ഞു വിരൂപമായ പശുക്കൾ കൊഴുത്ത് അഴകുള്ള പശുക്കളെ വിഴുങ്ങിക്കളഞ്ഞു. അപ്പോൾ ഫറവോ ഉറക്കമുണർന്നു. അവൻ വീണ്ടും ഉറങ്ങിയപ്പോൾ വേറൊരു സ്വപ്നമുണ്ടായി. ഒരു തണ്ടിൽ പുഷ്ടിയും അഴകുമുള്ള ഏഴു ധാന്യക്കതിരുകൾ വളർന്നുപൊങ്ങി. തുടർന്ന് ഏഴു കതിരുകൾ കൂടി ഉയർന്നുവന്നു. അവ ശുഷ്കിച്ചവയും കിഴക്കൻ കാറ്റിൽ ഉണങ്ങിക്കരിഞ്ഞവയുമായിരുന്നു. ശോഷിച്ച ഏഴുകതിരുകൾ പുഷ്ടിയും അഴകുമുള്ള കതിരുകളെ വിഴുങ്ങിക്കളഞ്ഞു. ഉറക്കമുണർന്നപ്പോൾ അതൊരു സ്വപ്നമായിരുന്നെന്ന് ഫറവോയ്ക്ക് മനസ്സിലായി. നേരം പുലർന്നപ്പോൾ അവൻ അസ്വസ്ഥനായി. ഈജിപ്തിലെ എല്ലാ മന്ത്രവാദികളെയും ജ്ഞാനികളെയും വിളിപ്പിച്ച് തന്റെ സ്വപ്നം അവരോടു വിവരിച്ചു പറഞ്ഞു. അതു വ്യാഖ്യാനിക്കാൻ ആർക്കും കഴിഞ്ഞില്ല (ഉൽപത്തി 41: 1–8).

# ജോസഫ് ഈജിപ്തിന്റെ കാര്യസ്ഥൻ

ജോസഫിനോടൊപ്പം കാരാഗൃഹത്തിലുായിരുന്ന പാചകക്കാരൻ കൊട്ടാരത്തിൽ തിരികെ ജോലിയിൽ പ്രവേശിച്ചിരുന്നു.

നേരത്തെ കാരാഗൃഹത്തിൽ വച്ച് ജോസഫ് തന്റെ സ്വപ്നം വ്യാഖ്യാനിച്ച കാര്യം അയാൾ ഫറവോയെ അറിയിച്ചു. ഫറവോയുടെ ആവശ്യപ്രകാരം ജോസഫ് ഫറവോയുടെ സ്വപ്നം വ്യാഖ്യാനിച്ചു.



- നാടിനെ ക്ഷാമം കാർന്നു തിന്നും എന്ന മുന്നറിയിപ്പ് നല്കി.
- ജോസഫിന്റെ നിർദ്ദേശങ്ങൾ ഫറവോക്ക് ഇഷ്ടമായി.
- അദ്ദേഹം ജോസഫിനെ ഈജിപ്തിന്റെ ഗവർണറായി നിയമിച്ചു.
- ജോസഫ് വിവാഹിതനായി.
- മക്കൾ- എഫ്രായിം, മനാസ്സേ

എല്ലാദേശക്കാരും പട്ടിണികൊണ്ട് വലഞ്ഞു. അവരെല്ലാം ഈജിപ്തിലെത്തി. ജോസഫ് അവർക്കെല്ലാം ധാന്യം വിറ്റു.

# ഇസ്രായേൽ ഈജിപ്തിലേക്ക്

ഈജിപ്തിൽനിന്ന് ധാന്യം കൊണ്ടുവരുവാൻ യാക്കോബ് മക്കളെ അയച്ചു. ജോസഫ് സഹോദരൻമാരെ തിരിച്ചറിഞ്ഞു.അവർക്ക് മനസ്സിലായില്ല. ജോസഫ് അവർക്ക് ധാന്യം കൊടുത്തെങ്കിലും പലവിധത്തിൽ പരീക്ഷിക്കുകയും തന്ത്രങ്ങളിൽപെടുത്തുകയും ചെയ്തു. ഒടുവിൽ ജോസഫ് അവർക്ക് സ്വയം വെളിപ്പെടുത്തി.

പിതാവിനെ ഈജിപ്തിലേക്ക് കൊണ്ടുവരുവാൻ ജോസഫ് ആവശ്യപ്പെട്ടു. യാത്രാമദ്ധ്യേ ഒരു ദർശ്ശനത്തിൽ ദൈവം യാക്കോബിനോട് അരുളിചെയ്തു: 'ഈജിപ്തിലേക്കു പോകാൻ ഭയപ്പെടോ. കാരണം, അവിടെ ഞാൻ നിന്നെ വലിയൊരു ജനതയായി വളർത്തും. ഞാൻ നിന്റെ കൂടെ ഈജിപ്തിലേക്കു വരും'. ഫറവോയുടെ കല്പനയനുസരിച്ച് റംസേസ് ആണ് അവൻ അവർക്ക് പാർക്കാൻ നല്കിയത്. യാക്കോബ് അവിടെ 17 വർഷം താമസിച്ചു.

# പന്ത്രണ്ട് ഗോത്രങ്ങളും ശ്ലീഹൻമാരും

യാക്കോബിന്റെ മക്കളാണ് ഇസ്രായേലിലെ 12 ഗോത്രങ്ങളായി മാറിയത്.

പുതിയ ദൈവജനമായ സഭയെ നയിക്കുന്നത് 12 ശ്ലീഹൻമാരും അവരുടെ പിൻഗാമികളുമാണ്.



# നമുക്കു പ്രാർത്ഥിക്കാം

പ്രതികൂല സാഹചര്യങ്ങളിലും ഞങ്ങളെ പരിപാലിക്കുന്ന ദൈവമേ, വിശ്വസ്തരായി ജീവിക്കാൻ ഞങ്ങളെ സഹായിക്കണമേ.



# നമുക്കു പാടാം

യാക്കോബിൽ പുത്രൻ ജോസഫിൻ ജീവിതം
യാതനാപൂർണമായിരുന്നെങ്കിലും
ദൈവത്തിൻ പരിപാലനയീജിപ്‌തിൽ
നവ്യസ്ഥനാത്തേക്കെത്തിച്ചു സൂനുവെ

ഇസ്രയേൽജനം ക്ഷാമം കൊറ്റേവും
നിസ്സഹായരായിത്തീർപ്പോൾ യാക്കോബാ
മക്കളോടു മൊഴിഞ്ഞു: പോയീജിപ്‌തിൻ
മണ്ണിൽനിന്നിങ്ങു ഗോതമ്പുമായ് വരു.

കൊുവന്നു തൻ താതനെയീജിപിതിൽ
കു പുത്രനെയദ്‌ഭുതസ്‌തബ്‌ധനായ്
ഏറെവർഷമാതാതനും പുത്രരും
ഗോത്രമായി വസിച്ചു പ്രിയങ്കരം.

## ദൈവവചനം വായിക്കാം, വിവരിക്കാം

**ജോസഫ് തന്റെ സഹോദരൻമാർക്ക് ഈജിപ്തിൽവച്ച് സ്വയം വെളിപ്പെടുത്തുന്ന സംഭവം വിവരിക്കുക**

# വഴികാട്ടാൻ ഒരു തിരുവചനം

**‘നിന്റെ പിതാവിന്റെ ദൈവം നിനക്കു തുണയായിരിക്കും’.**

# എന്റെ തീരുമാനം

തന്നെ ചതിച്ചവരോടു വിദ്വേഷം കാണിക്കാതെ
സ്നേഹപൂർവ്വം പെരുമാറിയ ജോസഫിനെപ്പോലെ എന്നെ
ദ്വേഷിക്കുന്നവരോടു ഞാനും സ്നേഹപൂർവ്വം പെരുമാറും

# ബോധ്യങ്ങൾ

* ദൈവത്തിൽ വിശ്വസിക്കുന്നവരുടെ മാതൃകയാണ് അബ്രാഹം.

* ദൈവത്തിന്റെ വാക്കു വിശ്വസിച്ച് അനുസരണം പാലിച്ചതിനാലാണ് അബ്രാഹം അനുഗൃഹീതനായത്.



# മനോഭാവങ്ങൾ

* അബ്രാഹത്തെ അനുകരിച്ചു നാം വിശ്വാസത്തിൽ ഉറപ്പു നേടേവരാണ്.

* ഏതു പ്രതികൂലസാഹചര്യത്തിലും നാം വിശ്വാസത്തിൽ നിലകൊള്ളേവരാണ്.



## ശീലങ്ങൾ

* ഞാൻ ദൈവത്തിൽ വിശ്വസിച്ചുകൊ് അവിടുത്തെ കല്പനകൾ അനുസരിക്കും.




THANK
YOU